# പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 14, തിങ്കൾ

**നമ്പർ 157**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

രത്തൻ ടാറ്റയുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

വയനാട് ദുരന്തമേഖലയിലെ ജനങ്ങളുടെ സമഗ്രമായ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുമുള്ള ഇടപെടൽ നടത്തണമെന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് മുഖ്യമന്ത്രി സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് ശേഷം 1.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകളിന്മേൽ സംസ്ഥാന സർക്കാരിന്റെ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ 2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ അനുവദിച്ച ഇളവുകൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെയും ശേഷിക്കുന്ന ഇളവുകൾ നേടിയെടുക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. പി. നന്ദകുമാർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) തിരൂർ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കുറുക്കോളി മൊയ്തീൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. അൻവർ സാദത്ത് | സൈബറിടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകൾ | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. കെ.ജെ. മാക്സി | സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണ മുറകൾ അവസാനിപ്പിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി.എസ്. സുപാൽ | കടമ്പാട്ടുകോണം - മധുര ദേശീയപാത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. വാഴൂർ സോമൻ | രാജമാണിക്കം കമ്മീഷൻ റിപ്പോർട്ട് | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. എൻ.കെ. അക്ബർ | ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. സജീവ് ജോസഫ് | ചെമ്പൻതൊട്ടിയിലെ ക്വാറികളുടെ പ്രവർത്തനം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7. | ശ്രീമതി കെ.കെ. രമ | വടകര കസ്റ്റംസ് കടപ്പുറത്ത് കടൽഭിത്തി കെട്ടി സംരക്ഷണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 8. | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴയിൽ പൈപ്പുകളുടെ അറ്റകുറ്റപ്പണി നടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. അബ്ദുൽ ഹമീദ് | കടലുണ്ടിപ്പുഴയുടെ അഴിമുഖത്തും ബാലാതിരുത്തിയിലും പുല്ലിപ്പുഴയിലും ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. രാജഗോപാലൻ | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പൂർത്തീകരണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 11. | ഡോ. മാത്യു കുഴൽനാടൻ | ഹരിത കർമ്മ സേനാംഗങ്ങൾക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി | ബഹു. തദ്ദേശ സ്വയംഭരണ – എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 12. | ശ്രീമതി ദെലീമ | പാണാവള്ളി, അരൂക്കുറ്റി ബോട്ട് ജെട്ടികളിൽനിന്നും ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 13. | ശ്രീ. പി.വി. ശ്രീനിജിൻ | ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണം | ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 14. | ശ്രീ. എ. പ്രഭാകരൻ | അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 15. | ശ്രീ. പ്രമോദ് നാരായൺ | ചെറുകോൽപ്പുഴ – മണിയാർ റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 16. | ശ്രീ. പി.കെ. ബഷീർ | നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 17. | ശ്രീ. കെ.ഡി. പ്രസേനൻ | വിശ്വകർമ്മ സമുദായത്തിലെ വിവിധ പ്രശ്നങ്ങൾ | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 18. | ശ്രീ. എ.പി. അനിൽ കുമാർ | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 19. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയം മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 20. | ശ്രീ. കെ.പി. മോഹനൻ | ആശ വർക്കർമാരുടെ വിവിധ ആവശ്യങ്ങൾ | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

(i) ഹർജികൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(ii) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(iii) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു)

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :</u>

" സഭാ നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പി. ടി. എ. റഹിം

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. മോഹനൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്

മുഖ്യമന്ത്രി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് പ്രസ്തുത വിഷയത്തിൽ Substantive Motion അവതരിപ്പിച്ച് സംസാരിച്ചു. Substantive Motion താഴെപ്പറയുന്ന പ്രകാരം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

" 2024 ജൂലൈ 30 - ന് മേപ്പാടി പഞ്ചായത്തിൽ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളെ ഗുരുതരമായി ബാധിച്ച ഉരുൾപൊട്ടൽ ദുരന്തത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ വിശദമാക്കിക്കൊണ്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

ഒരു പ്രദേശമാകെ തകർന്നു പോവുന്ന സാഹചര്യമുണ്ടായി. രാജ്യത്തെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടത്. സമാനതകളില്ലാത്ത ദുരന്തത്തിനു ശേഷം അനിവാര്യമായ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ധനസഹായമാണ് കേന്ദ്രസർക്കാരിന് മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ളത്. ബഹു. പ്രധാനമന്ത്രി സംഭവസ്ഥലം സന്ദർശിച്ച വേളയിലും അതിനുശേഷം അദ്ദേഹത്തെ നേരിൽകണ്ടും സഹായാഭ്യർത്ഥന നടത്തിയിട്ടുണ്ട്.

എന്നാൽ ഇതുവരെ അടിയന്തര സഹായം ഒന്നുംതന്നെ ലഭ്യമായിട്ടില്ല. ദേശീയ ദുരന്തനിവാരണ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അതിതീവ്ര ദുരന്തത്തിന്റെ (ഡിസാസ്റ്റർ ഓഫ് സിവിയർ നേച്ചർ) ഗണത്തിൽപ്പെടുന്നതാണ് മേപ്പാടിയിൽ ഉണ്ടായ ഉരുൾപൊട്ടൽ. പ്രകൃതിദുരന്തം നേരിട്ട മറ്റു പല സംസ്ഥാനങ്ങൾക്കും നിവേദനം പോലും ഇല്ലാതെതന്നെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിഗണന കേരളത്തിന് ലഭിച്ചില്ല എന്നത് ഖേദകരമാണ്.

ദുരന്തബാധിതർ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ചർച്ച ചെയ്യാൻ സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2024 ആഗസ്റ്റ് 19 - ന് വിളിച്ചു കൂട്ടുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ കാലവിളംബം കൂടാതെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. ദേശീയ ദുരന്തനിവാരണ നിയമം, 2005 - ലെ 13- ാം വകുപ്പു പ്രകാരം ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് തീവ്രദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ അധികാരമുണ്ട്. പ്രസ്തുത അധികാരം വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ ഇടപെടേണ്ടതുണ്ട്.

അടിയന്തര സഹായം ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ദുരിതാശ്വാസ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതുപോലെ അടിയന്തര സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും ദുരിതബാധിതരുടെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.”

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.)

<u>ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം :</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. ശ്രീ. പി. ഉബൈദുള്ള, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. ടി. സിദ്ദിഖ് എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. താഴെപ്പറയുന്ന ഭേദഗതികൾ സഭ അംഗീകരിച്ചു.

(i) ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1,2 നമ്പർ ഭേദഗതികൾ

(ii) ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1,2,4,5,6 നമ്പർ ഭേദഗതികൾ

(iii) ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 1,7 നമ്പർ ഭേദഗതികൾ

ഭേദഗതിയോടെ താഴെപറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

" 1995 - ലെ വഖഫ് ആക്റ്റ് (1995 - ലെ 43 - ാം നമ്പർ കേന്ദ്ര ആക്റ്റ്) ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയും ആയത് ജോയിന്റ് പാർലമെന്ററി കമ്മിറ്റിക്ക് (ജെ.പി.സി.) സമർപ്പിക്കുകയും, പ്രസ്തുത ബിൽ സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി, വിവിധ സ്റ്റേക് ഹോൾഡർമാർ, സംസ്ഥാന വഖഫ് ബോർഡുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതിനാലും;

1995 - ലെ മേൽ പരാമർശ ആക്റ്റിന്റെയും പ്രസ്തുത ആക്റ്റിന് നാളിതുവരെ വന്നിട്ടുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിൽ മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ എന്ന നിലയിലാണ് സംസ്ഥാന വഖഫ് ബോർഡും സംസ്ഥാന വഖഫ് വകുപ്പും പ്രവർത്തിച്ചു വരുന്നത് എന്നതിനാലും; ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ ഉൾപ്പെട്ട എൻട്രി 28 -ലെ ധർമ്മവും ധർമ്മ സ്ഥാപനങ്ങളും ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മത സ്ഥാപനങ്ങളും (Charities and Charitable Institutions, Charitable and Religious Endowments and Religious Institutions) എന്ന ഉൾക്കുറിപ്പിലെ നിയമനിർമ്മാണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമം പാസ്സാക്കിയിട്ടുള്ളത് എന്നതിനാലും;

കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് ഒരു പോലെ നിയമ നിർമ്മാണാധികാരമുള്ള ഒരു വിഷയമാണ് വഖഫ് എന്നതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 മൗലികാവകാശം ഭരണഘടനയുടെ അടിസ്ഥാനതത്വമായതിനാൽ അത് പ്രകാരമുള്ള അവകാശങ്ങളിൽപ്പെടുന്ന വഖഫ് എന്റോവ്മെന്റുകളെയും വഖഫ് സ്ഥാപനങ്ങളെയും സംരക്ഷിക്കുന്ന രൂപത്തിൽ അതിന്റെ സ്വാതന്ത്ര്യം അതത് മതവിഭാഗങ്ങൾക്ക് ഉറപ്പു വരുത്തുന്നതിനും വേണ്ടിയാണ് 1954-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും പിന്നീട് 1995-ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള വഖഫ് നിയമം നിലനിൽക്കുന്നത് എന്നതിനാലും;

നിലവിൽ ഭേദഗതി ബില്ലിൽ മുന്നോട്ടു വെച്ചിട്ടുള്ള വ്യവസ്ഥകൾ വഖഫുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്കുള്ള നിരവധി അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ളതും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾക്ക് എതിരായതും വഖഫിന്റെ മേൽനോട്ടത്തിനു ചുമതലയുള്ള ബോർഡുകളുടെയും വഖഫ് ട്രൈബ്യൂണലിന്റെയും പ്രവർത്തനം, അധികാരം എന്നിവ ദുർബലപ്പെടുത്തുന്നതും ഇല്ലാതാക്കുന്നതും ഭരണഘടന മുന്നോട്ടു വയ്ക്കുന്ന മതേതര കാഴ്ചപ്പാടുകൾ ലംഘിക്കുന്ന തരത്തിലുള്ളതും ആകയാലും;

നിയമ ഭേദഗതി മൂലം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി നോമിനേറ്റഡ് അംഗങ്ങളും നോമിനേറ്റ് ചെയ്യുന്ന ചെയർമാനും മാത്രമുള്ള ബോർഡ് വരുമെന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരാവും എന്നതിനാലും;

സമാനമായ നിലയിൽ ഭേദഗതി നിയമത്തിലെ മറ്റ് വ്യവസ്ഥകൾ പലതും വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും;

ഭരണഘടന അനുവദിക്കുന്ന മൗലികാവകാശങ്ങൾ, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, ഫെഡറലിസം, മതനിരപേക്ഷത, ജനാധിപത്യം, പൗരാവകാശം എന്നിവയിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും സാധ്യമല്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകളോടെയുള്ള 2024 - ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

<u>സ്പീക്കറുടെ റൂളിംഗ് :</u>

സമൻസ് അയച്ചതിനുശേഷം ദി കേരള ടാക്സേഷൻ ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2024 (2024-ലെ 2-ാം ഓർഡിനൻസ്) പുറപ്പെടുവിച്ചത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ റൂളിംഗ് നൽകി.

<u>സഭാ സമ്മേളനം നിശ്ചയിക്കപ്പെട്ടതിനു ശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസിനു പകരം നിയമ നിർമ്മാണത്തിനായി ബിൽ അവതരിപ്പിക്കാതിരിക്കുകയും ചെയ്തതിനെതിരെ ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്</u>

2024-ലെ രണ്ടാം നമ്പർ ഓർഡിനൻസായ 2024-ലെ കേരള ടാക്സേഷൻ ലാസ് (അമെന്റ്മെന്റ്) ഓർഡിനൻസ് പുറപ്പെടുവിച്ചത് സഭയുടെ 12-ാം സമ്മേളനം സംബന്ധിച്ച

സമൻസ് അയച്ചതിനു ശേഷമാണെന്നും ഈ നടപടി സഭയുടെ കീഴ്വഴക്കത്തിനും സ്പീക്കറുടെ റൂളിംഗിനും വിരുദ്ധമാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. കൂടാതെ, അപ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസിനു പകരമായി സഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാതിരുന്നത് അംഗീകൃത നടപടി ക്രമങ്ങളുടെ ലംഘനമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓർഡിനൻസിനു പകരമുള്ള ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഭരണഘടനയുടെ അനുച്ഛേദം 213(2) പ്രകാരം ഓർഡിനൻസ് നിരാകരിക്കുവാനുള്ള അവസരം അംഗങ്ങൾക്ക് ലഭിച്ചു വരുന്നത്. എന്നാൽ പരാമർശവിധേയമായ ഓർഡിനൻസിന്റെ കാര്യത്തിൽ സഭയുടെ ഭരണഘടനാ അവകാശം നിഷേധിക്കപ്പെടുകയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

മാത്രവുമല്ല, ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്നതും നമ്മുടെ നടപടി ചട്ടങ്ങളിലെ ചട്ടം 75(1) പ്രകാരമുള്ളതുമായ സ്റ്റേറ്റ്മെന്റ് സഭമുമ്പാകെ വരാതിരുന്നതുമൂലവും സഭാംഗങ്ങൾക്ക് നിർദ്ദിഷ്ട ഓർഡിനൻസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമാവാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യങ്ങൾക്ക് വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പരാമർശ വിധേയമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം നടത്തുകയുണ്ടായി. ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കേരള നിയമസഭയുടെ ആധികാരിക റഫറൻസ് പുസ്തകമായ "കേരളനിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും" എന്ന ഗ്രന്ഥത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച് പരാമർശിച്ചിരിക്കുന്ന ചില ഭാഗങ്ങൾ ഞാൻവായിക്കാം:

"ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള ഗവർണറുടെ അധികാരം സഭയിൽ എപ്പോഴും ചർച്ചാവിഷയമാകാറുണ്ട്. ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ്. ധനപരമായ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് വളരെ വിമർശനങ്ങൾ നേരിട്ടിട്ടുണ്ട്. നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ സഭയുടെ പരിഗണന കൂടാതെ ധനപരമായ വിഷയങ്ങൾ ഓർഡിനൻസുകളായി വിജ്ഞാപനപ്പെടുത്തുന്നത് നല്ല പ്രവണതയല്ല. അതിനാൽ ധനപരമായ വിഷയങ്ങൾ സംബന്ധിച്ച ഓർഡിനൻസുകൾ അവ പുറപ്പെടുവിക്കാനിടയാക്കുന്ന സാഹചര്യങ്ങൾ വളരെ കൃത്യതയോടെ പഠിച്ചതിനുശേഷം അത് അത്യയധികം അനിവാര്യമാകുന്ന ഘട്ടത്തിലാണെങ്കിൽ മാത്രം പുറപ്പെടുവിക്കേണ്ടതാണ്.

ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ ഇത്തരത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിലുള്ള അതൃപ്തി സ്പീക്കർ മാവിലങ്കാറും നെഹ്റുവുമായുള്ള കത്തിടപാടുകളിൽ കാണാം. സമയ ദൗർലഭ്യം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് കാരണമാകുന്നത് ശരിയായ കീഴ്വഴക്കമല്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സഭ സമ്മേളിക്കാൻ നോട്ടീസ് നൽകുകയോ തീയതി തീരുമാനിക്കുകയോ ചെയ്തശേഷം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. എന്നാൽ അത്യാവശ്യഘട്ടത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിൽ അപാകതയില്ലെന്ന് സ്പീക്കർ റൂൾ ചെയ്തിട്ടുണ്ട്. ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ഒരു അസാധാരണ ആയുധമാണ് ഓർഡിനൻസ് എന്ന് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ മതിയായ സാഹചര്യങ്ങളില്ലാതെ അവ പുറപ്പെടുവിക്കാനോ റീപ്രൊമുൽഗേറ്റ് ചെയ്യാനോ പാടില്ല എന്നും റീപ്രൊമുൽഗേഷൻ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ പാടുള്ളൂ എന്നും ഓർഡിനൻസുകൾ മുഖേന നിയമനിർമ്മാണം യാഥാർത്ഥ്യമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്.”

ഇതിൽ നിന്നും ഈ ഓർഡിനൻസ് പുറപ്പെടുവിച്ച നടപടിയിൽ ഭരണഘടനാ വിരുദ്ധമായോ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നും ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട മറ്റ് ചില കാര്യങ്ങൾക്ക് പ്രസക്തിയുണ്ടെന്ന് തന്നെയാണ് ചെയറും നിരീക്ഷിക്കുന്നത്.

എന്നാൽ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്ന പ്രസ്താവന, ഓർഡിനൻസിനു പകരമുള്ള ബില്ലിനോടൊപ്പം സഭ മുമ്പാകെ വയ്ക്കണമെന്നുള്ളത് നമ്മുടെ സഭാ ചട്ടങ്ങളുടെ ഭാഗമായി ചട്ടം 75(1)-ൽ ചേർത്തിരിക്കുന്ന ഒരു വ്യവസ്ഥ മാത്രമാണ്. അത് ബില്ലിന്റെ ചർച്ചാവേളയിൽ അംഗങ്ങൾക്ക് സഹായകരമായ ഒരു ഔദ്യോഗിക വിശദീകരണം എന്ന നിലയിൽ നൽകേണ്ട ഒരു രേഖ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടുവരുന്നത്. ഈ നടപടിക്രമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം നടക്കുന്ന ഈ സഭാ സമ്മേളനം നിയമ നിർമ്മാണത്തിനായുള്ള സമ്മേളനമായിട്ടുകൂടി 2024-ലെ 2-ാം നമ്പർ ഓർഡിനൻസിനു പകരമായി നിയമം നിർമ്മിക്കാനുള്ള ബിൽ കഴിഞ്ഞ ദിവസം മാത്രമാണ് വിജ്ഞാപനം ചെയ്ത് കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കാനായത്. ഒക്ടോബർ 4-ാം തീയതി ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിൽ ഇതിനായുള്ള ബിൽ ഷെഡ്യൂൾ ചെയ്യാൻ കഴിയാതിരുന്നത് അതുമൂലമാണ്. ഫലത്തിൽ ഈ നിയമനിർമ്മാണ സെഷനിൽ പ്രസ്തുത ബിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതുമൂലം നാളെ സമ്മേളനം അവസാനിച്ചുകഴിഞ്ഞ് 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസ് ലാപ്സാവുകയും ആയത് വീണ്ടും പുനഃപ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നു.

സംസ്ഥാനത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന പ്രവണത മുൻ വർഷങ്ങളിൽ കൂടുതലായി നിലനിന്നിരുന്നെങ്കിലും സമീപകാലത്ത് അതിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ഗുണപരമായ ഒരു മാറ്റമായി കാണാവുന്നതാണ്. കഴിഞ്ഞ അഞ്ച് നിയമസഭകളുടെ കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകളുടെ എണ്ണം പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകുന്നതാണ്.

പത്താം കേരള നിയമസഭ - 78

പതിനൊന്നാം കേരള നിയമസഭ - 142

പന്ത്രണ്ടാം കേരള നിയമസഭ – 197

പതിമൂന്നാം കേരള നിയമസഭ – 215

പതിനാലാം കേരള നിയമസഭ– 224 (വർദ്ധനവ് - കോവിഡ് പശ്ചാത്തലത്തിൽ) പതിനഞ്ചാം കേരള നിയമസഭ- 112 -(സെപ്റ്റംബർ 30 വരെ).

വളരെ ഗണ്യമായ കുറവാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. അതിൽത്തന്നെ 2022-ൽ 15, 2023-ൽ 04, 2024-ൽ 02 എന്നീ ക്രമത്തിൽ വളരെ തുച്ഛമായ എണ്ണം ഓർഡിനൻസുകളാണ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എന്നത് പ്രത്യേകമായി കാണേണ്ടതാണ്.

ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ തൊട്ടടുത്തുവരുന്ന സഭാ സമ്മേളനത്തിൽത്തന്നെ അതിനു പകരമുള്ള നിയമനിർമ്മാണം നടത്തണമെന്നു തന്നെയാണ് ഈ സഭ ഒന്നാകെ ആഗ്രഹിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്ത ചേരുന്ന സഭാ സമ്മേളനത്തിൽത്തന്നെ പകരം നിയമം പാസ്സാക്കാനായി ബന്ധപ്പെട്ട മന്ത്രിയും ഭരണ വകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഒരു ഓർഡിനൻസ് തന്നെ ആവർത്തിച്ച് പുറപ്പെടുവിക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

<u>നിയമനിർമ്മാണ കാര്യം :</u>

<u>i) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബില്ലിന്റെയും 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിന്റെയും പരിഗണനയും അനന്തര ഘട്ടങ്ങളും :</u>

ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. രമേശ് ചെന്നിത്തല സംസാരിച്ചില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. ചന്ദ്രശേഖരനും അവതരിപ്പിച്ചു സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. കെ. അക്ബറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും അവതരിപ്പിച്ചു സംസാരിച്ചു.

ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബില്ലുകൾ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

പീഠിക

In preamble, after the figure “ 1970” , the symbol, figures and word “ (19 of 1970)” shall be inserted.

2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ :

ഭേദഗതി കൂടാതെ ബിൽ സഭ പാസ്സാക്കി.

ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിന്റെയും 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിന്റെയും പരിഗണനയും അനന്തര ഘട്ടങ്ങളും :

ബഹു. മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ , സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. എം. വിൻസെന്റ്, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വാഴൂർ സോമനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി ഉമ തോമസും അവതരിപ്പിച്ചു സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. സ്റ്റീഫനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. ജെ. വിനോദും അവതരിപ്പിച്ചു സംസാരിച്ചു.

ബഹു. മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബില്ലുകൾ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

1. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ :</u>

ഭേദഗതി കൂടാതെ ബിൽ സഭ പാസ്സാക്കി.

2. <u>2023-ലെ കേരള കന്നുകാലി പ്രജനന ബിൽ :</u>

<u>രണ്ടാം വകുപ്പ്</u>

(1) 2-ാം ഖണ്ഡത്തിൽ,—

(i) നിലവിലുള്ള (എ) ഉപഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ബി) " എ.ഐ. കേന്ദ്രം" എന്നാൽ കൃത്രിമ ബീജാധാനത്തിനുവേണ്ടി ബീജം സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതുമായ ഏതൊരു പരിസരവും എന്നർത്ഥമാകുന്നു;" ;

(ii) പുതുതായി ചേർത്ത (ബി) ഉപഖണ്ഡത്തിനുശേഷമുള്ള (ബി) മുതൽ (ടി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (സി) മുതൽ (യു) വരെ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(iii) പുനരക്ഷരം ചെയ്ത (ഡി) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡി) " അംഗീകൃത ഇൻസെമിനേറ്റർ" എന്നാൽ വേറ്ററിനേറിയൻ, മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഫീൽഡ് ആഫീസർ, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അതോറിറ്റിയിൽ നിന്നോ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നോ പരിശീലനം ലഭിച്ച എ.ഐ. ടെക്നീഷ്യൻ എന്നർത്ഥമാകുന്നു;" ;

(iv) പുനരക്ഷരം ചെയ്ത (യു) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (വി) " ബീജമാത്ര" എന്നാൽ സെമൻ സ്ട്രോയിൽ സൂക്ഷിക്കപ്പെട്ട ബീജത്തിന്റെ ഒരു ഡോസ് എന്നർത്ഥമാകുന്നു;" ;

(v) പുതുതായി ചേർത്ത (വി) ഉപഖണ്ഡത്തിനു ശേഷം വരുന്ന (യു) മുതൽ (എക്സ്) വരെയുള്ള ഉപഖണ്ഡങ്ങളെ യഥാക്രമം (ഡബ്ല്യൂ), (എക്സ്), (വൈ), (ഇസഡ്) എന്നീ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(vi) പുനരക്ഷരം ചെയ്ത (ഇസഡ്) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഇസഡ് എ) " അനധികൃത ബീജമാത്ര" എന്നാൽ അതോറിറ്റിയുടെ അംഗീകാരം ഇല്ലാത്ത ബീജമാത്ര എന്നർത്ഥമാകുന്നു;" ;

(vii) പുതുതായി ചേർത്ത (ഇസഡ് എ) ഉപഖണ്ഡത്തിന് ശേഷം വരുന്ന (വൈ) ഉപഖണ്ഡത്തെ (ഇസഡ് ബി) ഉപഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

(2) ഖണ്ഡം 2(എ)-ൽ, "വിദ്യയിലൂടെ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

(3) ഖണ്ഡം-2 (ജി)-ൽ " സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള" എന്നതിന് പകരം " കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(1) ഖണ്ഡം 3(2)-ൽ

(i) (ബി) ഇനത്തിൽ " ഡീൻ" എന്നതിനുപകരം "ഫാക്കൽറ്റി ഡീൻ" എന്ന് ചേർക്കുക;

(ii) (ജി) ഇനത്തിൽ " അക്കാഡമിക് ആന്റ് റിസർച്ച് ഡയറക്ടർ" എന്നതിനു പകരം " ഡയറക്ടർ, അക്കാഡമിക്സ് ആന്റ് റിസർച്ച് " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക;

(iii) (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക, അതായത്:—

" (എച്ച്) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;" ;

(iv) പുതുതായി ചേർത്ത (എച്ച്) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (ഐ), (ജെ), (കെ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യുക.

(2) ഖണ്ഡം 3(3)-ൽ, "അതോറിറ്റിയുടെ" എന്നതിന് ശേഷം "ദൈനംദിന" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5(1)-ൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നതിന് പകരം "ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

(1) ഖണ്ഡം 7(ഇ)-ൽ " ബാങ്കുകൾ" എന്നതിന് ശേഷം " ,<u>എ.</u> <u>ഐ.</u> കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

(2) ഖണ്ഡം 7(എ)-ൽ " സംസ്ഥാനത്ത്" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

(3) ഖണ്ഡം 7(ബി)-യുടെ മാർജിനൽ ശീർഷകത്തിൽ " സംസ്ഥാന" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

(4) ഖണ്ഡം-7 (സി)-ൽ " വിത്തുകാളകളെ/പോത്തുകളെ" എന്നതിന് പകരം "വിത്തുകാളകളെയും പോത്തുകളെയും" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 8(1)-ൽ, " സംസ്ഥാനത്തിലുടനീളം" എന്നതിന് പകരം "സംസ്ഥാനത്തുടനീളം" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

(1) അദ്ധ്യായം 3-ന്റെ ശീർഷകത്തിൽ, " ബാങ്കുകളുടെയും" എന്ന വാക്കിന് ശേഷം "എ. ഐ. കേന്ദ്രങ്ങളുടേയും" എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കും ചേർക്കുക.

(2) ഖണ്ഡം 9(6)-ൽ "രേഖപ്പെടുത്തിക്കൊണ്ടുള്ള" എന്നതിന് ശേഷം " നിർണ്ണയിക്കപ്പെടുന്ന മാതൃകയിൽ" എന്ന് ചേർക്കുക.

പത്താം വകുപ്പ്

(1) ഖണ്ഡം 10(3)-ൽ "എന്നിവ" എന്നതിന് ശേഷം "യഥാസമയം" എന്നത് ചേർക്കുക

(2) ഖണ്ഡം 10 (3)-ൽ " അതോറിറ്റിയെ അറിയിക്കേണ്ടതാണ് " എന്നതിന് പകരം " അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതാണ് " എന്നത് ചേർക്കുക.

പതിനൊന്നാം വകുപ്പ്

11- ാം ഖണ്ഡത്തിനു ശേഷം താഴെപറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 12. എ.ഐ. കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ.– (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും ആൾ, ഫേം, പരിമിത ബാധ്യതാപങ്കാളിത്തം (ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്), കമ്പനി, പ്രൊഡ്യൂസർ കമ്പനി, സ്ഥാപനം, സർക്കാരിതര സംഘടന, കന്നുകാലി ബ്രീഡേഴ്സ് അസോസിയേഷൻ, ട്രസ്റ്റ്, സഹകരണ സംഘം, മറ്റേതെങ്കിലും ഏജൻസി എന്നിവ അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ എ.ഐ. കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1) -ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

വിശദീകരണം : - ഈ വകുപ്പിലെ യാതൊന്നും സർക്കാർ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമല്ല."

പന്ത്രണ്ടാം വകുപ്പ്

ഖണ്ഡം-12 (1)-ൽ " പുതിയ" എന്നത് ഒഴിവാക്കുക.

പതിനാലാം വകുപ്പ്

14-ാം ഖണ്ഡത്തിൽ;

(i) മാർജിനൽ ശീർഷകത്തിൽ " വിൽപന" എന്ന വാക്കിനു ശേഷം " , ഉപയോഗം മുതലായവ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

(ii) (3)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (4) യാതൊരാളും അനധികൃത ബീജമാത്രുകളുടെ ഉപയോഗം, മിസ് ബ്രാൻഡഡ് ബീജം, സബ് സ്റ്റാൻഡേർഡ് ബീജം എന്നിവയുടെ ഉൽപാദനം, കൈവശം വയ്ക്കൽ, വിതരണം, വിൽപ്പന, ഉപയോഗം, ഏതെങ്കിലും രൂപത്തിലുള്ള കൈമാറ്റം, ഇറക്കുമതി-കയറ്റുമതി എന്നിവ ചെയ്യാൻ പാടില്ലാത്തതാകുന്നു."

പതിനഞ്ചാം വകുപ്പ്

ഖണ്ഡം 15-ൽ " തനിപ്പകർപ്പ് സർട്ടിഫിക്കറ്റ്" എന്നതിന് പകരം " സർട്ടിഫിക്കറ്റിന്റെ തനിപ്പകർപ്പ്" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

(1) ഖണ്ഡം 16(1)-ൽ " (1)" എന്നത് ഒഴിവാക്കുക.

(2) ഖണ്ഡം 16(1)-ൽ " റഫറൻസിന്മേലോ" എന്നതിന് ശേഷം " പരാതിയിന്മേലോ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "30" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

(1) ഖണ്ഡം 18 (3)-ലെ "വസ്തുക്കളുടെ" എന്നതിന് പകരം "വസ്തുക്കൾ എന്നിവയുടെ " എന്നത് ചേർക്കുക.

(2) ഖണ്ഡം 18(4)-ൽ " നമ്പർ" എന്നത് ഒഴിവാക്കുക.

പത്തൊൻപതാം വകുപ്പ്

(1) ഖണ്ഡം 19(2)-ൽ, " ബാങ്കിന്റെ" എന്ന വാക്കിന് പകരം " ബാങ്ക് അല്ലെങ്കിൽ എ.ഐ. കേന്ദ്രത്തിന്റെ" എന്നും " ബാങ്കിനെ" എന്ന വാക്കിന് ശേഷം " അല്ലെങ്കിൽ എ. ഐ. കേന്ദ്രത്തെ" എന്നും ചേർക്കുക.

(2) ഖണ്ഡം 19 (3)-ൽ "മാതൃകയിൽ" എന്നതിന് പകരം "മാതൃകയിലും സമയത്തും" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

20-ാം ഖണ്ഡത്തിലെ (i), (ii) എന്നീ ഇനങ്ങളും അതിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

ഇരുപത്തി രണ്ടാം വകുപ്പ്

ഖണ്ഡം 22-ൽ " ആക്റ്റിലെ" എന്ന വാക്കിന് പകരം " ആക്റ്റിലെയും ചട്ടങ്ങളിലെയും" എന്നത് ചേർക്കുക.

<u>ഇരുപത്തി അഞ്ചാം വകുപ്പ്</u>

25-ാം ഖണ്ഡത്തിൽ

(i) മാർജിനൽ ശീർഷകത്തിൽ, " പ്രാദേശിക അധികാരികളുടെ " എന്നീ വാക്കുകൾക്ക് പകരം " തദ്ദേശാധികാരസ്ഥാനങ്ങളുടെ " എന്ന വാക്ക് ചേർക്കുക.

(ii) പ്രസ്തുത ഖണ്ഡത്തിൽ താഴെപ്പറയുന്ന വിശദീകരണം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"<u>വിശദീകരണം</u>.— ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, " തദ്ദേശാധികാര സ്ഥാനങ്ങൾ" എന്നാൽ ഓരോ ജില്ലയിലെയും മൃഗസംരക്ഷണ ആഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ മാനേജർ (ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ), അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ എന്ന് അർത്ഥമാകുന്നു."

<u>ഇരുപത്തി ഏഴാം വകുപ്പ്</u>

ഖണ്ഡം 27-ൽ " നമ്പർ" എന്നത് ഒഴിവാക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(1) ദീർഘശീർഷകത്തിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

(2) പീഠികയിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

(3) ഖണ്ഡം 1(2)-ൽ, " ഗസറ്റിലെ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

2024 ഒക്ടോബർ 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാത്രി 8.07- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Twelfth Session

# BULLETIN – PART I

(Brief Record of Proceedings)

*Monday, October 14, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Four Questions in the list of Questions posted for the day were answered orally.

*Obituary* :

The Speaker made reference on the demise of Ratan Tata. As a mark of respect to the deceased, the Members stood in silence for a while.

*Adjournment Motion(Rule 50)* :

Shri T. Siddique and five other members had given a notice for moving an adjournment motion regarding the necessity to expedite exhaustive rehabilitation measures/programs and to intervene into obtaining central fund to the affected people of Wayanad landslides. As the Chief Minister expressed willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 1.00 p.m.

*Calling Attention* :

1) Shri P. Nandakumar called Chief Minister's attention to the necessity to timely implement the concessions granted by the Central Government notified in 2019 as per the recommendation of the State Government in the provisions of The Coastal Regulation Zone Notification, 2011 and to obtain the remaining concessions. The Chief Minister made a statement in this regard.

2) Shri Kurukkoli Moideen called attention of the Health and Women and Child Development Minister to the necessity to upgrade the District Hospital, Tirur as General Hospital. The Minister for Health and Women and Child Development made a statement in this regard.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below :

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. അൻവർ സാദത്ത് | സൈബറിടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകൾ | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. കെ. ജെ. മാക്സി | സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണ മുറകൾ അവസാനിപ്പിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി. എസ്. സുപാൽ | കടമ്പാട്ടുകോണം - മധുര ദേശീയപാത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. വാഴൂർ സോമൻ | രാജമാണിക്കം കമ്മീഷൻ റിപ്പോർട്ട് | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. സജീവ് ജോസഫ് | ചെമ്പൻതൊട്ടിയിലെ ക്വാറികളുടെ പ്രവർത്തനം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 7. | ശ്രീമതി കെ. കെ. രമ | വടകര കസ്റ്റംസ് കടപ്പുറത്ത് കടൽഭിത്തികെട്ടി സംരക്ഷണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 8. | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴയിൽ പൈപ്പുകളുടെ അറ്റകുറ്റപ്പണി നടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. അബ്ദുൽ ഹമീദ് | കടലുണ്ടിപ്പുഴയുടെ അഴിമുഖത്തും ബാലാതിരുത്തിയിലും പൂല്ലിപ്പുഴയിലും ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. രാജഗോപാലൻ | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പൂർത്തീകരണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 11. | ഡോ. മാത്യു കുഴൽനാടൻ | ഹരിത കർമ്മ സേനാംഗങ്ങൾക്ക് സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി | ബഹു. തദ്ദേശ സ്വയംഭരണ – എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 12. | ശ്രീമതി ദെലീമ | പാണാവള്ളി, അരൂക്കുറ്റി ബോട്ട് ജെട്ടികളിൽനിന്നും ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് | ബഹു. ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 13. | ശ്രീ. പി. വി. ശ്രീനിജൻ | ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണം | ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 14. | ശ്രീ. എ. പ്രഭാകരൻ | അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 15. | ശ്രീ. പ്രമോദ് നാരായൺ | ചെറുകോൽപ്പുഴ – മണിയാർ റോഡ് നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 16. | ശ്രീ. പി. കെ. ബഷീർ | നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 17. | ശ്രീ. കെ. ഡി. പ്രസേനൻ | വിശ്വകർമ്മ സമുദായത്തിലെ വിവിധ പ്രശ്നങ്ങൾ | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 18. | ശ്രീ. എ. പി. അനിൽകുമാർ | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 19. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയം മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 20. | ശ്രീ. കെ. പി. മോഹനൻ | ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The ministers made the statement regarding the respective issue.

*Presentation of Reports* :

i) Fourth Report of the Committee on Petitions was presented.

ii) Thirty Fifth and Thirty Sixth Reports of the Committee on Subordinate Legislation was presented.

iii) Fifth Report of the Committee on the Welfare of Youth and Youth Affairs was presented.

(The motion for adjournment of the House was taken for consideration.)

*Discussion on Adjournment Motion*:

Shri T. Siddique moved the following motion and spoke:

“The House do now adjourn.”

The following Members took part in the discussion:

Smt. K. K. Shailaja Teacher

Shri. I. C. Balakrishnan

Shri. E. K. Vijayan

Shri. Mons Joseph

Shri. P. T. A. Rahim

Smt. K. K. Rema

Shri. K. P. Kunhammed Kutti Master

Dr. N. Jayaraj

Shri. K. P. Mohanan

Shri. P. K. Kunhalikutty

Shri. K. V. Sumesh

Shri. V. D. Satheesan, Leader of Opposition.

Chief Minister replied to the points raised during discussion.

The Minister for Local Self Governments, Excise and Parliamentary Affairs moved a Substantive Motion with regard to the subject matter discussed under Rule 50. The Substantive Motion as given below was adopted by the House unanimously.

"2024 ജൂലൈ 30-ന് മേപ്പാടി പഞ്ചായത്തിൽ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളെ ഗുരുതരമായി ബാധിച്ച ഉരുൾപൊട്ടൽ ദുരന്തത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ വിശദമാക്കിക്കൊണ്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

ഒരു പ്രദേശമാകെ തകർന്നു പോവുന്ന സാഹചര്യമുണ്ടായി. രാജ്യത്തെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടത്. സമാനതകളില്ലാത്ത ദുരന്തത്തിന് ശേഷം അനിവാര്യമായ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ധനസഹായമാണ് കേന്ദ്രസർക്കാരിന് മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ളത്. ബഹു. പ്രധാനമന്ത്രി സംഭവസ്ഥലം സന്ദർശിച്ച വേളയിലും അതിനുശേഷം അദ്ദേഹത്തെ നേരിൽകണ്ടും സഹായാഭ്യർത്ഥന നടത്തിയിട്ടുണ്ട്.

എന്നാൽ ഇതുവരെ അടിയന്തര സഹായം ഒന്നുംതന്നെ ലഭ്യമായിട്ടില്ല. ദേശീയ ദുരന്തനിവാരണ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അതിതീവ്ര ദുരന്തത്തിന്റെ (ഡിസാസ്റ്റർ ഓഫ് സിവിയർ നേച്ചർ) ഗണത്തിൽപ്പെടുന്നതാണ് മേപ്പാടിയിൽ ഉണ്ടായ ഉരുൾപൊട്ടൽ. പ്രകൃതിദുരന്തം നേരിട്ട മറ്റ് പല സംസ്ഥാനങ്ങൾക്കും നിവേദനം പോലും ഇല്ലാതെതന്നെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിഗണന കേരളത്തിന് ലഭിച്ചില്ല എന്നത് ഖേദകരമാണ്.

ദുരന്തബാധിതർ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ചർച്ച ചെയ്യാൻ സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2024 ആഗസ്റ്റ് 19-ന് വിളിച്ചുകൂട്ടുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ കാലവിളംബം കൂടാതെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. ദേശീയ ദുരന്തനിവാരണ നിയമം, 2005 -ലെ 13- ാം വകുപ്പ് പ്രകാരം ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് തീവ്രദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ അധികാരമുണ്ട്. പ്രസ്തുത അധികാരം വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ ഇടപെടേണ്ടതുണ്ട്.

അടിയന്തര സഹായം ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ദുരിതാശ്വാസ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതുപോലെ അടിയന്തര സാമ്പത്തിക സഹായം

ലഭ്യമാക്കണമെന്നും ദുരിതബാധിതരുടെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

( The Adjournment motion was withdrawn with the leave of the House)

*Government Resolution as per Rule 118* :

Minister for Sports, Wakf, Hajj Pilgrimage and Minority Welfare Shri V. Abdurahiman moved a resolution as per Rule 118. Shri P. Ubaidulla, Shri N. Samsudheen, Shri T. V. Ibrahim, Shri T. Siddique moved amendments to the resolution. The following amendments were accepted:

i) No. 1, 2 amendments moved by Shri P. Ubaidulla

ii) No. 1, 2, 4, 5, 6 amendments moved by Shri N. Samsudheen

iii) No. 1, 7 amendments moved by Shri T. Siddique

The Resolution was adopted by the House unanimously as stated below:

"1995 -ലെ വഖഫ് ആക്റ്റ് (1995 - ലെ 43 - ാം നമ്പർ കേന്ദ്ര ആക്റ്റ്) ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയും ആയത് ജോയിന്റ് പാർലമെന്ററി കമ്മിറ്റിക്ക് (ജെ.പി.സി.) സമർപ്പിക്കുകയും, പ്രസ്തുത ബിൽ സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി, വിവിധ സ്റ്റേക് ഹോൾഡർമാർ, സംസ്ഥാന വഖഫ് ബോർഡുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതിനാലും;

1995-ലെ മേൽ പരാമർശ ആക്റ്റിന്റെയും പ്രസ്തുത ആക്റ്റിന് നാളിതുവരെ വന്നിട്ടുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിൽ മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ എന്ന നിലയിലാണ് സംസ്ഥാന വഖഫ് ബോർഡും സംസ്ഥാന വഖഫ് വകുപ്പും പ്രവർത്തിച്ചു വരുന്നത് എന്നതിനാലും; ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ ഉൾപ്പെട്ട എൻട്രി 28 -ലെ ധർമ്മവും ധർമ്മ സ്ഥാപനങ്ങളും ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മത സ്ഥാപനങ്ങളും (Charities and Charitable Institutions, Charitable and Religious Endowments and Religious Institutions) എന്ന ഉൾക്കുറിപ്പിലെ നിയമനിർമ്മാണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമം പാസാക്കിയിട്ടുള്ളത് എന്നതിനാലും;

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ നിയമ നിർമ്മാണാധികാരമുള്ള ഒരു വിഷയമാണ് വഖഫ് എന്നതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 മൗലികാവകാശം ഭരണഘടനയുടെ അടിസ്ഥാനതത്വമായതിനാൽ അത് പ്രകാരമുള്ള അവകാശങ്ങളിൽപ്പെടുന്ന വഖഫ് എൻഡോവ്മെന്റുകളെയും വഖഫ് സ്ഥാപനങ്ങളെയും സംരക്ഷിക്കുന്ന രൂപത്തിൽ അതിന്റെ സ്വാതന്ത്ര്യം അതത് മതവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് 1954-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കുകയും പിന്നീട് 1995-ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള വഖഫ് നിയമം നിലനിൽക്കുന്നത് എന്നതിനാലും;

നിലവിൽ ഭേദഗതി ബില്ലിൽ മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ വഖഫുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്കുള്ള നിരവധി അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ളതും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾക്ക് എതിരായതും വഖഫിന്റെ മേൽനോട്ടത്തിന് ചുമതലയുള്ള ബോർഡുകളുടെയും വഖഫ് ട്രൈബ്യൂണലിന്റെയും പ്രവർത്തനം, അധികാരം എന്നിവ ദുർബലപ്പെടുത്തുന്നതും ഇല്ലാതാക്കുന്നതും ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മതേതര കാഴ്ചപ്പാടുകൾ ലംഘിക്കുന്നതരത്തിലുള്ളതും ആകയാലും;

നിയമ ഭേദഗതിമൂലം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി നോമിനേറ്റഡ് അംഗങ്ങളും നോമിനേറ്റ് ചെയ്യുന്ന ചെയർമാനും മാത്രമുള്ള ബോർഡ് വരുമെന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരാവും എന്നതിനാലും;

സമാനമായ നിലയിൽ ഭേദഗതി നിയമത്തിലെ മറ്റ് വ്യവസ്ഥകൾ പലതും വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും;

ഭരണഘടന അനുവദിക്കുന്ന മൗലികാവകാശങ്ങൾ, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, ഫെഡറലിസം, മതനിരപേക്ഷത, ജനാധിപത്യം, പൗരാവകാശം എന്നിവയിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും സാധ്യമല്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകളോടെയുള്ള 2024 - ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

*Ruling by the Speaker* :

The Leader of the Opposition raised a point of order regarding the promulgation of The Kerala Taxation Laws (Amendment) Ordinance, 2024 (2nd Ordinance of 2024) after the summons was issued. The Minister of Law, Industries and Coir and the Minister of Finance replied. Speaker gave a ruling on the said matter.

"സഭാ സമ്മേളനം നിശ്ചയിക്കപ്പെട്ടതിനു ശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസിന് പകരം നിയമ നിർമ്മാണത്തിനായി ബിൽ അവതരിപ്പിക്കാതിരിക്കുകയും ചെയ്തതിനെതിരെ ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

2024-ലെ രണ്ടാം നമ്പർ ഓർഡിനൻസായ 2024-ലെ കേരള ടാക്സേഷൻ ലാസ് (അമെന്റ്മെന്റ്) ഓർഡിനൻസ് പുറപ്പെടുവിച്ചത് സഭയുടെ 12-ാം സമ്മേളനം സംബന്ധിച്ച സമൻസ് അയച്ചതിന് ശേഷമാണെന്നും ഈ നടപടി സഭയുടെ കീഴ്വഴക്കത്തിനും സ്പീക്കറുടെ റൂളിംഗിനും വിരുദ്ധമാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. കൂടാതെ, അപ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമായി സഭയിൽ ബിൽ അവതരിപ്പിച്ച് പാസാക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാതിരുന്നത് അംഗീകൃത നടപടിക്രമങ്ങളുടെ ലംഘനമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓർഡിനൻസിന് പകരമുള്ള ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഭരണഘടനയുടെ അനുച്ഛേദം 213(2) പ്രകാരം ഓർഡിനൻസ് നിരാകരിക്കുവാനുള്ള അവസരം അംഗങ്ങൾക്ക് ലഭിച്ചുവരുന്നത്. എന്നാൽ പരാമർശവിധേയമായ ഓർഡിനൻസിന്റെ കാര്യത്തിൽ സഭയുടെ ഭരണഘടനാ അവകാശം നിഷേധിക്കപ്പെടുകയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചു.

മാത്രവുമല്ല, ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്നതും നമ്മുടെ നടപടി ചട്ടങ്ങളിലെ ചട്ടം 75(1) പ്രകാരമുള്ളതുമായ സ്റ്റേറ്റ്മെന്റ് സഭമുമ്പാകെ വരാതിരുന്നതുമൂലവും സഭാംഗങ്ങൾക്ക് നിർദ്ദിഷ്ട ഓർഡിനൻസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമാവാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യങ്ങൾക്ക് വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പരാമർശ വിധേയമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം നടത്തുകയുണ്ടായി. ചെയർ

ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കേരള നിയമസഭയുടെ ആധികാരിക റഫറൻസ് പുസ്തകമായ "കേരളനിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും" എന്ന ഗ്രന്ഥത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിരിക്കുന്ന ചില ഭാഗങ്ങൾ ഞാൻവായിക്കാം: "ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള ഗവർണ്ണറുടെ അധികാരം സഭയിൽ എപ്പോഴും ചർച്ചാവിഷയമാകാറുണ്ട്. ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ്. ധനപരമായ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് വളരെ വിമർശനങ്ങൾ നേരിട്ടിട്ടുണ്ട്. നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ സഭയുടെ പരിഗണന കൂടാതെ ധനപരമായ വിഷയങ്ങൾ ഓർഡിനൻസുകളായി വിജ്ഞാപനപ്പെടുത്തുന്നത് നല്ല പ്രവണതയല്ല. അതിനാൽ ധനപരമായ വിഷയങ്ങൾ സംബന്ധിച്ച ഓർഡിനൻസുകൾ അവ പുറപ്പെടുവിക്കാനിടയാക്കുന്ന സാഹചര്യങ്ങൾ വളരെ കൃത്യതയോടെ പഠിച്ചതിനുശേഷം അത് അത്യധികം അനിവാര്യമാകുന്ന ഘട്ടത്തിലാണെങ്കിൽ മാത്രം പുറപ്പെടുവിക്കേണ്ടതാണ്.

ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ ഇത്തരത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിലുള്ള അതൃപ്തി സ്പീക്കർ മാവിലങ്കാറും നെഹ്റുവുമായുള്ള കത്തിടപാടുകളിൽ കാണാം. സമയ ദൗർലഭ്യം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് കാരണമാകുന്നത് ശരിയായ കീഴ്വഴക്കമല്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സഭ സമ്മേളിക്കാൻ നോട്ടീസ് നൽകുകയോ തീയതി തീരുമാനിക്കുകയോ ചെയ്തശേഷം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. എന്നാൽ അത്യാവശ്യഘട്ടത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിൽ അപാകതയില്ലെന്ന് സ്പീക്കർ റൂൾ ചെയ്തിട്ടുണ്ട്. ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ഒരു അസാധാരണ ആയുധമാണ് ഓർഡിനൻസ് എന്ന് സുപ്രീം കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ മതിയായ സാഹചര്യങ്ങളിലല്ലാതെ അവ പുറപ്പെടുവിക്കാനോ റീപ്രൊമുൽഗേറ്റ് ചെയ്യാനോ പാടില്ല എന്നും റീപ്രൊമുൽഗേഷൻ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ പാടുള്ളൂ എന്നും ഓർഡിനൻസുകൾ മുഖേന നിയമനിർമ്മാണം യാഥാർത്ഥ്യമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്."

ഇതിൽ നിന്നും ഈ ഓർഡിനൻസ് പുറപ്പെടുവിച്ച നടപടിയിൽ ഭരണഘടനാ വിരുദ്ധമായോ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നും ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട മറ്റ് ചില കാര്യങ്ങൾക്ക് പ്രസക്തിയുണ്ടെന്ന് തന്നെയാണ് ചെയറും നിരീക്ഷിക്കുന്നത്.

എന്നാൽ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്ന പ്രസ്താവന, ഓർഡിനൻസിനു പകരമുള്ള ബില്ലിനോടൊപ്പം സഭ മുമ്പാകെ വയ്ക്കണമെന്നുള്ളത് നമ്മുടെ സഭാ ചട്ടങ്ങളുടെ ഭാഗമായി

ചട്ടം 75(1)-ൽ ചേർത്തിരിക്കുന്ന ഒരു വ്യവസ്ഥ മാത്രമാണ്. അത് ബില്ലിന്റെ ചർച്ചാവേളയിൽ അംഗങ്ങൾക്ക് സഹായകരമായ ഒരു ഔദ്യോഗിക വിശദീകരണം എന്ന നിലയിൽ നൽകേണ്ട ഒരു രേഖ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടുവരുന്നത്. ഈ നടപടിക്രമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം നടക്കുന്ന ഈ സഭാ സമ്മേളനം നിയമ നിർമ്മാണത്തിനായുള്ള സമ്മേളനമായിട്ടുകൂടി 2024-ലെ 2-ാം നമ്പർ ഓർഡിനൻസിന് പകരമായി നിയമം നിർമ്മിക്കാനുള്ള ബിൽ കഴിഞ്ഞ ദിവസം മാത്രമാണ് വിജ്ഞാപനം ചെയ്ത് കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കാനായത്. ഒക്ടോബർ 4-ാം തീയതി ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിൽ ഇതിനായുള്ള ബിൽ ഷെഡ്യൂൾ ചെയ്യാൻ കഴിയാതിരുന്നത് അതുമൂലമാണ്. ഫലത്തിൽ ഈ നിയമനിർമ്മാണ സെഷനിൽ പ്രസ്തുത ബിൽ പാസാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതുമൂലം നാളെ സമ്മേളനം അവസാനിച്ചുകഴിഞ്ഞ് 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസ് ലാപ്സാവുകയും ആയത് വീണ്ടും പുനഃപ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നു.

സംസ്ഥാനത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന പ്രവണത മുൻ വർഷങ്ങളിൽ കൂടുതലായി നിലനിന്നിരുന്നെങ്കിലും സമീപകാലത്ത് അതിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ഗുണപരമായ ഒരു മാറ്റമായി കാണാവുന്നതാണ്. കഴിഞ്ഞ അഞ്ച് നിയമസഭകളുടെ കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകളുടെ എണ്ണം പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകുന്നതാണ്.

പത്താം കേരള നിയമസഭ - 78

പതിനൊന്നാം കേരള നിയമസഭ - 142

പന്ത്രണ്ടാം കേരള നിയമസഭ – 197

പതിമൂന്നാം കേരള നിയമസഭ – 215

പതിനാലാം കേരള നിയമസഭ - 224 (വർദ്ധനവ് - കോവിഡ് പശ്ചാത്തലത്തിൽ)

പതിനഞ്ചാം കേരള നിയമസഭ – 112 - (സെപ്റ്റംബർ 30 വരെ).

വളരെ ഗണ്യമായ കുറവാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. അതിൽത്തന്നെ 2022-ൽ 15, 2023-ൽ 4, 2024-ൽ 2 എന്നീ ക്രമത്തിൽ വളരെ തുച്ഛമായ എണ്ണം ഓർഡിനൻസുകളാണ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എന്നത് പ്രത്യേകമായി കാണേണ്ടതാണ്.

ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് കഴിഞ്ഞാൽ തൊട്ടടുത്തുവരുന്ന സഭാ സമ്മേളനത്തിൽത്തന്നെ അതിന് പകരമുള്ള നിയമനിർമ്മാണം നടത്തണമെന്ന തന്നെയാണ് ഈ സഭ ഒന്നാകെ ആഗ്രഹിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്ത ചേരുന്ന

സഭാ സമ്മേളനത്തിൽത്തന്നെ പകരം നിയമം പാസാക്കാനായി ബന്ധപ്പെട്ട മന്ത്രിയും ഭരണ വകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഒരു ഓർഡിനൻസ് തന്നെ ആവർത്തിച്ച് പുറപ്പെടുവിക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

*Legislative Business* :

<u>i) Motion for consideration and further stages of The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024 as reported by the Subject Committee, and The Non-Resident Keralites' Welfare (Amendment) Bill, 2023 as reported by the Subject Committee.</u>

Shri P. Rajeeve, Minister for Law, Industries and Coir, moved the motion that The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024 and The Non-Resident Keralites' Welfare (Amendment) Bill, 2023 as reported by the Subject Committee be taken up for consideration.

Shri Ramesh Chennithala who recorded his dissent to the Subject Committee Report did not spoke.

Smt. K. K. Shailaja Teacher moved an amendment to circulate The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024 as reported by the Subject Committee for obtaining public opinion and Shri E. Chandrasekharan as authorised by Shri V. R. Sunil Kumar moved another amendment to recommit the bill to the same Subject Committee and spoke.

Shri N. K. Akbar moved an amendment to circulate The Non-Resident Keralites' Welfare (Amendment) Bill, 2023 as reported by the Subject Committee for obtaining public opinion and Prof. Abid Hussain Thangal moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Law, Industries and Coir, the amendmends moved were withdrawn by the leave of the House. The Bills were then taken up for clause by clause consideration and passed with the following amendments.

1. The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024 as reported by the Subject Committee:

*Preamble*

In preamble, after the figure "1970", the symbol, figures and word "(19 of 1970)" shall be inserted.

2. The Non-Resident Keralites' Welfare (Amendment) Bill, 2023 as reported by the Subject Committee:

No amendments were accepted.

ii) Motion for consideration and further stages of The Kerala Veterinary and Animal Sciences University (Amendment)Bill, 2023 as reported by the Subject Committee and The Kerala Bovine Breeding Bill, 2023 :

Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved the motion that The Kerala Veterinary and Animal Sciences University (Amendment) Bill, 2023 as reported by the Subject Committee and The Kerala Bovine Breeding Bill, 2023 as reported by the Subject Committee be taken up for consideration.

Shri M. Vincent, Shri Anoop Jacob, Shri Kurukkoli Moideen who recorded their dissent to the Subject Committee Report spoke.

Shri Vazhoor Soman as authorised by Shri E. K. Vijayan moved an amendment to circulate The Kerala Veterinary and Animal Sciences University (Amendment) Bill, 2023 as reported by the Subject Committee for obtaining public opinion and Smt. Uma Thomas moved another amendment to recommit the bill to the same Subject Committee and spoke.

Shri G. Steephen moved an amendment to circulate The Kerala Bovine Breeding Bill, 2023 as reported by the Subject Committee for obtaining public opinion and Shri T. J. Vinod moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Animal Husbandry and Dairy Development, the amendments moved were withdrawn by the leave of the House. The Bills were then taken up for clause by clause consideration and passed with the following amendments.

1. <u>The Kerala Veterinary and Animal Sciences University (Amendment) Bill, 2023 as reported by the Subject Committee:</u>

No amendments were accepted.

2. <u>The Kerala Bovine Breeding Bill, 2023 as reported by the Subject Committee:</u>

<u>രണ്ടാം വകുപ്പ്</u>

1) 2-ാം ഖണ്ഡത്തിൽ,—

(i) നിലവിലുള്ള (എ) ഉപഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) "<u>എ</u>.<u>ഐ</u>. കേന്ദ്രം" എന്നാൽ കൃത്രിമ ബീജാധാനത്തിനുവേണ്ടി ബീജം സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതുമായ ഏതൊരു പരിസരവും എന്നർത്ഥമാകുന്നു;";

(ii) പുതുതായി ചേർത്ത (ബി) ഉപഖണ്ഡത്തിനുശേഷമുള്ള (ബി) മുതൽ (ടി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (സി) മുതൽ (യു) വരെ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(iii) പുനരക്ഷരം ചെയ്ത (ഡി) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) "അംഗീകൃത ഇൻസെമിനേറ്റർ" എന്നാൽ വേറ്ററിനേറിയൻ, മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഫീൽഡ് ആഫീസർ, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അതോറിറ്റിയിൽ നിന്നോ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നോ പരിശീലനം ലഭിച്ച <u>എ</u>.<u>ഐ</u>. ടെക്നീഷ്യൻ എന്നർത്ഥമാകുന്നു;";

(iv) പുനരക്ഷരം ചെയ്ത (യു) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വി) "ബീജമാത്ര" എന്നാൽ സെമൻ സ്ട്രോയിൽ സൂക്ഷിക്കപ്പെട്ട ബീജത്തിന്റെ ഒരു ഡോസ് എന്നർത്ഥമാകുന്നു;";

(v) പുതുതായി ചേർത്ത (വി) ഉപഖണ്ഡത്തിനു ശേഷം വരുന്ന (യു) മുതൽ (എക്സ്) വരെയുള്ള ഉപഖണ്ഡങ്ങളെ യഥാക്രമം (ഡബ്ല്യൂ), (എക്സ്), (വൈ), (ഇസഡ്) എന്നീ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(vi) പുനരക്ഷരം ചെയ്ത (ഇസഡ്) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(ഇസഡ് എ) “അനധികൃത ബീജമാത്ര" എന്നാൽ അതോറിറ്റിയുടെ അംഗീകാരം ഇല്ലാത്ത ബീജമാത്ര എന്നർത്ഥമാകുന്നു;”;

(vii) പുതുതായി ചേർത്ത (ഇസഡ് എ) ഉപഖണ്ഡത്തിന് ശേഷം വരുന്ന (വൈ) ഉപഖണ്ഡത്തെ (ഇസഡ് ബി) ഉപഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

2) ഖണ്ഡം 2(എ)-ൽ, "വിദ്യയിലൂടെ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

3) ഖണ്ഡം - 2(ജി)-ൽ “സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള” എന്നതിന് പകരം “കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

1) ഖണ്ഡം 3(2)-ൽ

(i) (ബി) ഇനത്തിൽ “ഡീൻ” എന്നതിനുപകരം "ഫാക്കൽറ്റി ഡീൻ" എന്ന് ചേർക്കുക;

(ii) (ജി) ഇനത്തിൽ “അക്കാഡമിക് ആന്റ് റിസർച്ച് ഡയറക്ടർ” എന്നതിനു പകരം “ഡയറക്ടർ, അക്കാഡമിക്സ് ആന്റ് റിസർച്ച്”എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക;

(iii) (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക, അതായത്:—

“(എച്ച്) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;”;

(iv) പുതുതായി ചേർത്ത (എച്ച്) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (ഐ), (ജെ), (കെ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യുക.

2) ഖണ്ഡം 3(3)-ൽ, "അതോറിറ്റിയുടെ" എന്നതിന് ശേഷം "ദൈനംദിന" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5(1)-ൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നതിന് പകരം "ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

1) ഖണ്ഡം 7(ഇ)-ൽ “ബാങ്കുകൾ” എന്നതിന് ശേഷം “,<u>എ.</u> <u>ഐ.</u> കേന്ദ്രങ്ങൾ” എന്ന് ചേർക്കുക.

2) ഖണ്ഡം 7(എ)-ൽ “സംസ്ഥാനത്ത്” എന്നതിന് ശേഷം “കന്നുകാലി” എന്ന് ചേർക്കുക.

3) ഖണ്ഡം 7(ബി)-യുടെ മാർജിനൽ ശീർഷകത്തിൽ “സംസ്ഥാന” എന്നതിന് ശേഷം “കന്നുകാലി” എന്ന് ചേർക്കുക.

4) ഖണ്ഡം-7 (സി)-ൽ “വിത്തുകാളകളെ/പോത്തുകളെ" എന്നതിന് പകരം "വിത്തുകാളകളെയും പോത്തുകളെയും" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

ഖണ്ഡം 8(1)-ൽ, “സംസ്ഥാനത്തിലുടനീളം” എന്നതിന് പകരം "സംസ്ഥാനത്തുടനീളം” എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

1) അദ്ധ്യായം 3-ന്റെ ശീർഷകത്തിൽ, “ബാങ്കുകളുടെയും” എന്ന വാക്കിന് ശേഷം "എ. ഐ. കേന്ദ്രങ്ങളുടേയും” എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കും ചേർക്കുക.

2) ഖണ്ഡം 9(6)-ൽ "രേഖപ്പെടുത്തിക്കൊണ്ടുള്ള” എന്നതിന് ശേഷം “നിർണ്ണയിക്കപ്പെടുന്ന മാതൃകയിൽ” എന്ന് ചേർക്കുക.

പത്താം വകുപ്പ്

1) ഖണ്ഡം 10(3)-ൽ "എന്നിവ" എന്നതിന് ശേഷം "യഥാസമയം” എന്നത് ചേർക്കുക

2) ഖണ്ഡം 10 (3)-ൽ "അതോറിറ്റിയെ അറിയിക്കേണ്ടതാണ് " എന്നതിന് പകരം "അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതാണ് " എന്നത് ചേർക്കുക.

പതിനൊന്നാം വകുപ്പ്

11- ാം ഖണ്ഡത്തിന് ശേഷം താഴെപറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 12. എ.ഐ. കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ.– (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും ആൾ, ഫേം, പരിമിത ബാധ്യതാപങ്കാളിത്തം (ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്), കമ്പനി, പ്രൊഡ്യൂസർ കമ്പനി, സ്ഥാപനം, സർക്കാരിതര സംഘടന, കന്നുകാലി ബ്രീഡേഴ്സ് അസോസിയേഷൻ, ട്രസ്റ്റ്, സഹകരണ സംഘം, മറ്റേതെങ്കിലും ഏജൻസി എന്നിവ അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ എ.ഐ. കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1) -ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

വിശദീകരണം :— ഈ വകുപ്പിലെ യാതൊന്നും സർക്കാർ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമല്ല.''

പന്ത്രണ്ടാം വകുപ്പ്

ഖണ്ഡം- 12 (1)-ൽ "പുതിയ" എന്നത് ഒഴിവാക്കുക.

പതിനാലാം വകുപ്പ്

14-ാം ഖണ്ഡത്തിൽ;

(i) മാർജിനൽ ശീർഷകത്തിൽ "വിൽപന" എന്ന വാക്കിനു ശേഷം ", ഉപയോഗം മുതലായവ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

(ii) (3)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(4) യാതൊരാളും അനധികൃത ബീജമാത്രുകളുടെ ഉപയോഗം, മിസ് ബ്രാൻഡഡ് ബീജം, സബ് സ്റ്റാൻഡേർഡ് ബീജം എന്നിവയുടെ ഉൽപാദനം, കൈവശം വയ്ക്കൽ, വിതരണം, വിൽപ്പന, ഉപയോഗം, ഏതെങ്കിലും രൂപത്തിലുള്ള കൈമാറ്റം, ഇറക്കുമതി-കയറ്റുമതി എന്നിവ ചെയ്യാൻ പാടില്ലാത്തതാകുന്നു."

പതിനഞ്ചാം വകുപ്പ്

ഖണ്ഡം 15-ൽ "തനിപ്പകർപ്പ് സർട്ടിഫിക്കറ്റ്" എന്നതിന് പകരം "സർട്ടിഫിക്കറ്റിന്റെ തനിപ്പകർപ്പ് " എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

1) ഖണ്ഡം 16(1)-ൽ "(1)" എന്നത് ഒഴിവാക്കുക.

2) ഖണ്ഡം 16(1)-ൽ "റഫറൻസിന്മേലോ" എന്നതിന് ശേഷം "പരാതിയിന്മേലോ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "30" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

1) ഖണ്ഡം 18 (3)-ലെ "വസ്തുക്കളുടെ" എന്നതിന് പകരം "വസ്തുക്കൾ എന്നിവയുടെ " എന്നത് ചേർക്കുക.

2) ഖണ്ഡം 18(4)-ൽ "നമ്പർ" എന്നത് ഒഴിവാക്കുക.

പത്തൊൻപതാം വകുപ്പ്

1) ഖണ്ഡം 19(2)-ൽ, "ബാങ്കിന്റെ" എന്ന വാക്കിന് പകരം "ബാങ്ക് അല്ലെങ്കിൽ എ.ഐ. കേന്ദ്രത്തിന്റെ" എന്നും "ബാങ്കിനെ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ എ. ഐ. കേന്ദ്രത്തെ" എന്നും ചേർക്കുക.

2) ഖണ്ഡം 19 (3)-ൽ "മാതൃകയിൽ" എന്നതിന് പകരം "മാതൃകയിലും സമയത്തും" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

20-ാം ഖണ്ഡത്തിലെ (i), (ii) എന്നീ ഇനങ്ങളും അതിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

ഇരുപത്തി രണ്ടാം വകുപ്പ്

ഖണ്ഡം 22-ൽ "ആക്റ്റിലെ" എന്ന വാക്കിന് പകരം "ആക്റ്റിലെയും ചട്ടങ്ങളിലെയും" എന്നത് ചേർക്കുക.

ഇരുപത്തി അഞ്ചാം വകുപ്പ്

25-ാം ഖണ്ഡത്തിൽ

(i) മാർജിനൽ ശീർഷകത്തിൽ, "പ്രാദേശിക അധികാരികളുടെ" എന്നീ വാക്കുകൾക്ക് പകരം "തദ്ദേശാധികാരസ്ഥാനങ്ങളുടെ" എന്ന വാക്ക് ചേർക്കുക.

(ii) പ്രസ്തുത ഖണ്ഡത്തിൽ താഴെപ്പറയുന്ന വിശദീകരണം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, "തദ്ദേശാധികാര സ്ഥാനങ്ങൾ" എന്നാൽ ഓരോ ജില്ലയിലെയും മൃഗസംരക്ഷണ ആഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ മാനേജർ (ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ), അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ എന്ന് അർത്ഥമാകുന്നു."

ഇരുപത്തി ഏഴാം വകുപ്പ്

ഖണ്ഡം 27-ൽ "നമ്പർ" എന്നത് ഒഴിവാക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

1) ദീർഘശീർഷകത്തിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

2) പീഠികയിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

3) ഖണ്ഡം 1(2)-ൽ, "ഗസറ്റിലെ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

The House adjourned at 8.7 p.m. to meet again at 9.00 a.m on Tuesday, October 15, 2024.

DR. N. Krishna Kumar,

*Secretary.*